മി. സ്പീക്കർ: ഓർഡർ, ഓർഡർ.......

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ ശ്രദ്ധയിലേക്ക് ഒരു കാര്യം കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ മൂന്ന് ദിവസവും ശബരിമലയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പ്രതിപക്ഷം ഉന്നയിച്ചിരുന്നു. അതിലൊന്ന്, 144 പിൻവലിക്കണമെന്ന ആവശ്യമായിരുന്നു. ശബരിമലയിൽ വരുന്ന കോടിക്കണക്കിന് ഭക്തജനങ്ങൾ നേരിടുന്ന അസൗകര്യങ്ങളായിരുന്നു രണ്ടാമത്തെ കാര്യം. ഹൈക്കോടതി പോലും ഒരു നിരീക്ഷക സമിതിയെ നിയോഗിക്കാൻ തയ്യാറായ സാഹചര്യം സർക്കാരിന്റെ പിടിപ്പുകേടിന്റെ ദൃഷ്ടാന്തമാണ്. ഞങ്ങൾ ആവശ്യപ്പെട്ട ഈ രണ്ട് കാര്യങ്ങളിലും സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ നടപടിയുണ്ടായിട്ടില്ല. അതുകൊണ്ടാണ് കഴിഞ്ഞ മൂന്ന് ദിവസവും സഭാനടപടികൾ സ്തംഭിപ്പിക്കേണ്ട സാഹചര്യമുണ്ടായത്. ജനങ്ങളുമായി ബന്ധപ്പെട്ട ധാരാളം വിഷയങ്ങൾ ഞങ്ങൾക്ക് നിയമസഭയിൽ ഉന്നയിക്കാനുണ്ടെന്നുള്ളതുകൊണ്ട് സഭാനടപടികളുമായി സഹകരിക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മൂന്ന് എം.എൽ.എ.-മാർ - ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. പാറക്കൽ അബ്ദുല്ല,

ഡോ. എൻ. ജയരാജ് എന്നിവർ നിയമസഭാ കവാടത്തിൽ അനിശ്ചിതകാല സത്യാഗ്രഹ സമരം ആരംഭിക്കുന്നുവെന്നുള്ള കാര്യംകൂടി അങ്ങയെ അറിയിക്കുകയാണ്. ഗവൺമെന്റിന്റെ നിഷേധാത്മക നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഈ സമരം ശക്തമായി, സഭയ്ക്ക് അകത്തും പുറത്തും ഞങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാനും ശബരിമല തീർത്ഥാടകരുടെ പ്രശ്നങ്ങൾ ഉന്നയിക്കാനും പ്രതിപക്ഷം തീരുമാനിച്ചതായി അങ്ങയെ ഞങ്ങൾ അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസംതന്നെ ഇത്തരമൊരു പ്രസ്താവന നടത്തുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നത്. ശബരിമലയുമായി ബന്ധപ്പെട്ട് പ്രക്ഷോഭം നടത്തുന്നതിന് ഇവരുടെ മുമ്പേ നടന്ന ആളുകൾ അവിടെ നിന്നും ഇറങ്ങിയ സാഹചര്യത്തിൽ, ഇവിടെ പ്രഖ്യാപിച്ച സമരത്തിൽ നിന്നും പിൻവാങ്ങുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. പക്ഷെ പിന്നീടും അത് മുന്നോട്ട് കൊണ്ടുപോകുന്നതാണ് കണ്ടത്. ഏതായാലും അവർ ഇറങ്ങി ഇവിടെവന്ന് ഇരിക്കുന്നുണ്ട്. ഇവർ ഇത് അവസാനിപ്പിച്ച് സഭയുടെ കവാടത്തിൽ ഇരിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. ഈ ഒത്തുകളി

എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞു. ......(ബഹളം)...... എല്ലാ കാലത്തും ആളുകളെ പറ്റിക്കാനാകില്ല. അത് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഏത് തരത്തിലുള്ള അസൗകര്യങ്ങളാണ് ശബരിമലയിലുള്ളതെന്ന് ആർക്കും ബോധ്യമാകുന്ന കാര്യമല്ല. അവിടെ യഥാർത്ഥത്തിൽ സൗകര്യങ്ങൾ ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. നേരത്തേയുള്ളതിനെക്കാളും കൂടുതൽ സൗകര്യങ്ങൾ അവിടെ ഒരുക്കിയിട്ടുണ്ട്. അവിടെ അക്രമ സംഭവങ്ങൾ നടന്ന സാഹചര്യത്തിലാണ് 144 പ്രഖ്യാപിച്ചിട്ടുള്ളത്. ശബരിമലയുടെ ചരിത്രത്തിൽ ഒരുകാലത്തും ഇല്ലാത്ത തരത്തിലുള്ള അക്രമസംഭവങ്ങൾക്ക് പുറപ്പെട്ടപ്പോൾ അതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ഈ നടപടികൾ തങ്ങൾ അംഗീകരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള പ്രസ്താവനകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ളതാണ്. ഈ ഘട്ടത്തിൽ തെറ്റായ നിലപാടുകൾ ആവർത്തിക്കുന്നതിന്റെ സൂചനയാണ് ഇവിടെ പ്രഖ്യാപിച്ച സമരമുറ. അത് മനസ്സിലാക്കിയാൽ നല്ലത്. ഏതായാലും, വൈകിവന്ന അല്പം വിവേകമുണ്ട്. അതിന്റെ ഭാഗമായാണ് സഭാനടപടികൾ നടക്കട്ടെയെന്ന് തീരുമാനിച്ചത്.

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ നേതാവിന്റെ സീറ്റിന്റെ പിന്നിലും വശങ്ങളിലുമായി വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ……(മൈക്ക് ഓഫ്)……

മി. സ്പീക്കർ: പ്ലീസ്…. ചോദ്യത്തര വേളയാണ്. അങ്ങേയ്ക്ക് സമയം തന്നു, അങ്ങ് സംസാരിച്ചു. ……(ബഹളം)…… നിങ്ങൾ സീറ്റിൽ പോയിരുന്നാൽ അദ്ദേഹത്തിന് സംസാരിക്കാൻ അവസരം നൽകാം. രണ്ടുംകൂടി ശരിയാകില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രിയോട് ചോദിച്ചിട്ടുവേണം ഞങ്ങൾ സമരം ചെയ്യാനെന്നുള്ള അദ്ദേഹത്തിന്റെ വാദം വളരെ പരിഹാസ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്ലീസ്… ദയവായി ചോദ്യോത്തരവേള ഒരു ഡിബേറ്റിന്റെ സമയമാക്കരുത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആർ.എസ്.എസ്.-ന് അവിടെ അക്രമം നടത്താൻ എല്ലാ സൗകര്യവും കൊടുത്ത മുഖ്യമന്ത്രി, അങ്ങയുടെ കയ്യിലായിരുന്നില്ല ആഭ്യന്തരം; വൽസൻ തില്ലങ്കരിയുടെ

കയ്യിലായിരുന്ന ആഭ്യന്തര വകുപ്പ് എന്നുള്ളത് കേരളം കണ്ട കാര്യമാണ്. ആർ.എസ്.എസ്.-മായുള്ള അങ്ങയുടെ ഒത്തുകളി ഓരോ ദിവസം കഴിയുംതോറും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഏത് സമയത്തും സംസാരിക്കാനുള്ള അവകാശമുള്ളതുകൊണ്ടാണ് സംസാരിക്കാൻ അവസരം നൽകിയത്. ഇനി അങ്ങ് ഇരിക്കു..... ചോദ്യോത്തരവേളയിലേക്ക് കടക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അന്നദാനത്തിന്റെ കാര്യത്തിൽപ്പോലും ആർ.എസ്.എസ്.-മായി കൈകോർക്കുന്ന നിലപാടാണുള്ളത്. സ്ത്രീകളെ തടഞ്ഞ സി.പി. സുഗതനെ മതിലുണ്ടാക്കാനായി ......(മൈക്ക് ഓഫ്)......

മി. സ്പീക്കർ: പ്ലീസ്.....അങ്ങ് ദയവായി ഇരിക്കു. ചോദ്യോത്തര വേള ഡിബേറ്റിംഗ് ആക്കരുത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ കാര്യത്തിൽ എനിക്കും പറയാനുണ്ട്. ചോദ്യോത്തര വേള ഇങ്ങനെയൊരു ചർച്ചയായി മാറുമ്പോൾ എനിക്കും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തമാക്കാനുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ......(മൈക്ക് ഓഫ്)......

മി. സ്പീക്കർ: ഇവിടെ ആരോപണ പ്രത്യാരോപണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് ആദ്യം സംസാരിച്ചു. അതിന് മുഖ്യമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞു. വീണ്ടും അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ......(മൈക്ക് ഓഫ്)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സംസാരിച്ചു. സ്വാഭാവികമായും അതിന് മറുപടിയായി മുഖ്യമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞു. അത് അവിടെ അവസാനിക്കണ്ടേ. പിന്നെ വീണ്ടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എണീറ്റുനിന്ന് സംസാരിക്കുകയാണ്. ......(ബഹളം)...... അങ്ങ് പറഞ്ഞ് പൂർത്തീകരിക്കു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ......(മൈക്ക് ഓഫ്)...... അതുകൊണ്ട് ശബരിമലയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളിൽ ഞങ്ങൾ ആദ്യമെടുത്ത നിലപാടുമായി മുന്നോട്ട് പോകുകയാണ്. ഞങ്ങളുടെ

മൂന്ന് എം.എൽ.എ.-മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹമിരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി ഇനി സംസാരിച്ചാൽ എനിക്കും സംസാരിക്കാൻ അവസരം നൽകണം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതുകൊണ്ടല്ലേ മുഖ്യമന്ത്രിക്ക് പറയാൻ അവസരം നൽകുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയോട് ചോദിച്ച് സമരം നടത്തണമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരുടെയും നിലപാട് കേരളമാകെ കണ്ടിട്ടുള്ളതാണ്. ശബരിമല വിഷയത്തിൽ അദ്ദേഹത്തിന്റെ പാർട്ടി നേതാവായ ശ്രീ. രാഹുൽഗാന്ധിയുടെ അഭിപ്രായം വ്യക്തിപരമായ അഭിപ്രായമാണെന്ന് രാഷ്ട്രീയത്തിന്റെ എബിസിഡി അറിയുന്ന ഒരാൾക്കും മനസ്സിലാകാത്ത രീതിയിൽ പ്രസ്താവന നടത്തിയിട്ടുള്ള ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ശ്രീ. രാഹുൽഗാന്ധിയല്ല, അമിത്ഷായാണ് നേതാവെന്ന് അംഗീകരിക്കുന്ന നിലപാടിലേക്കാണ് അവർ അധഃപതിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഇത്തരം നിലപാടുകൾ വന്നിട്ടുള്ളത്. ഇവിടെ മനസ്സിലാക്കേണ്ട കാര്യം ജനങ്ങൾ ഇതെല്ലാം തിരിച്ചറിയുന്നുണ്ട്. അത്

മനസ്സിലാക്കാതിരിക്കരുത്. ഇവിടെ ആർ.എസ്.എസ്.-ന് ഏത് തരത്തിലുള്ള സൗകര്യമാണ് ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുള്ളത്; എന്തടിസ്ഥാനത്തിലാണ് അത് പറയുന്നത്; ആർ.എസ്.എസ്.-ന്റെയൊക്കെ ചങ്ങാതിമാരായി നടന്ന എത്രപേരാണ് അപ്പുറത്ത് ഇരിക്കുന്നത്; ഓരോ രാഷ്ട്രീയ പാർട്ടിയുടെയും നിലപാട് അംഗീകരിച്ച് നിൽക്കുമ്പോൾ ആ രാഷ്ട്രീയമല്ലേ മുന്നോട്ട് കൊണ്ടുപോകേണ്ടത്; ഇവിടെ ആർ.എസ്.എസ്.-ന്റെ നിലപാടല്ലേ ഇവർ മുന്നോട്ട് കൊണ്ടുപോകാൻ നോക്കുന്നത്; അതല്ലേ ഇവിടെ സംഭവിച്ചിട്ടുള്ളത്? അത് ആളുകൾ മനസ്സിലാക്കുന്നുണ്ടെന്ന് മനസ്സിലാക്കിയാൽ നല്ലത്. ...... (ബഹളം)......